മിസ്റ്റർ ഐ. രാമൻമേനോൻ.—(എ) പഴയന്നൂർനിന്നു ഒരു മൈൽ ദൂരം വണ്ടികയറ്റം ഓടിക്കത്തക്ക നിലയിലാണു്.

(ഒ) രണ്ടേകാൽ മൈൽ ദൂരമുണ്ടു്.

(ന.) പഞ്ചായത്തിലേക്കു ഈ റോഡു് ആരും ഏല്പിച്ചു തന്നീട്ടില്ല.

(ര) എ ഫ ൦ ന-ൽ എ൦൦ ഉറുപ്പികയും എ ഫ ൦ ഭ-ൽ എ൦൦ ഉറുപ്പികയും ചിലവുചെയ്തിട്ടുണ്ടു്.

Government Road in Panambukad.

323. മിസ്റ്റർ പി. സി. ചാഞ്ചൻ.—പനമ്പുകാട്ടു നിവാസികളായവർക്കു സഞ്ചാരസൌകര്യത്തിനുവേണ്ടി ഗവമ്മെണ്ടു നിരത്തുകൾ ഉണ്ടോ എന്നു ബഹുമാനപ്പെട്ട ഗവമ്മെണ്ടിനു പറയാമോ?

മിസ്റ്റർ ഐ. രാമൻമേനോൻ—ഗവമ്മെണ്ടു നിരത്തുകൾ ഇല്ല.

Appointment of Depressed Class officers for investigating cases relating to Depressed Class pupils.

324. മിസ്റ്റർ പി. സി. ചാഞ്ചൻ.—അധഃകൃതവിദ്യാർത്ഥികളേയും, അധഃകൃതന്മാരേയും മനഃപൂർവ്വമായി അന്യമതസ്ഥന്മാർ ഉപദ്രവിക്കുന്നതിനു തക്ക തെളിവില്ലാത്തതിനാൽ അധഃകൃത ഡിപ്പാർട്ടുമെണ്ടിൽനിന്നു ഒന്നൊരണ്ടുദ്യോഗസ്ഥന്മാരെ ടി കേസുകൾ തെളിവിൽ വരുത്തിവിടുപ്പോർട്ടുചെയ്യുന്നതിനു നിയമിക്കണ്ടതാണെന്നു് ബഹുമാനപ്പെട്ട ഗവമ്മെണ്ടു അറിയുന്നുണ്ടോ

റാവുസാഹിബു് മിസ്റ്റർ സി. മത്തായി.—അധഃകൃത ഡിപ്പാർട്ടുമെണ്ടിലെ ഉദ്യോഗസ്ഥന്മാരും, പോലീസു് അധികാരികളും ഈ കേസുകളിൽ തെളിവുണ്ടാക്കി വേണ്ടതു പ്രവൃത്തിക്കുന്നതിനു കഴിയുന്നതും ശ്രമിക്കുന്നുണ്ടു്. ഇതിലേക്കു പ്രത്യേകം പുതിയതായി ഉദ്യോഗസ്ഥന്മാരെ നിയമിക്കേണ്ടആവശ്യമുണ്ടെന്നു തോന്നുന്നില്ല.

Supply of slates, books, etc., to pupils of the Depressed Classes.

325. മിസ്റ്റർ പി. സി. പാഞ്ചൻ—അധഃകൃത വിദ്യാർത്ഥികൾക്കു സ്കൂൾ തുറന്നാൽ ആറാം മാസത്തെ പരീക്ഷക്കു മുമ്പെങ്കിലും പുസ്തകം, സ്ലേറു മുതലായതു കൊടുക്കുവാൻ ബഹുമാനപ്പെട്ട ഗവമ്മെണ്ടു എന്തു ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു?

റാവുസാഹിബു് മിസ്റ്റർ സി. മത്തായി.—ഡിപ്പാർട്ടുമെണ്ടുദ്യോഗസ്ഥന്മാർക്കും ഗ്രാണ്ടു സ്കൂൾ അധികാരികൾക്കും ഇതിനെ സംബന്ധിച്ചു കർത്തവ്യമായി ഉത്തരവുകൾ അയച്ചിട്ടുണ്ടു ഡിപ്പാർട്ടുമെണ്ടുദ്യോഗസ്ഥന്മാർ സ്കൂളുകൾ സന്ദർശിക്കുമ്പോൾ ഈ സംഗതിയെ പറ്റി അന്വേഷിക്കുന്നുമുണ്ടു്

LIBRARY ARCHIVES Kerala Legislative Assembly